പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 269 — 18.06.2019 ൽ മറുപടിക്ക്

## ബംഗളൂരുവിലേക്ക് കൂടുതൽ ട്രെയിനുകളും കോച്ചുകളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>,, എൻ .എ.നെല്ലിക്കുന്ന്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.ഉബൈദുള്ള | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ബംഗളൂരുവിലേക്കുള്ള യാത്രക്കാരുടെ തിരക്ക് കുറയ്ക്കുന്നതിന് കൂടുതൽ ട്രെയിനുകളും കോച്ചുകളും വേണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ടോ; | (എ) | കേരളത്തിൽ നിന്നും ബംഗളൂരുവിലേക്കുള്ള വർദ്ധിച്ച തോതിലുള്ള യാത്ര ആവശ്യം സ്വകാര്യ ബസ്സുകൾ മുതലെടുത്ത് യാത്രക്കാരെ ചൂഷണത്തിന് വിധേയമാക്കുന്നുവെന്നും ആയതിനാൽ ബംഗളൂരുവിലേക്ക് കൂടുതൽ ട്രെയിൻ സർവ്വീസുകൾ ആരംഭിക്കണമെന്നും ആവശ്യപ്പെട്ട് തൃശ്ശൂർ റെയിൽവേ പാസഞ്ചേഴ്സ് അസോസിയേഷൻ 25.04.2019 തീയതിയിൽ സമർപ്പിച്ച പരാതി ലഭിച്ചിട്ടുണ്ട്. ആയത് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | സ്വകാര്യ ബസ്സുകളുടെ ചൂഷണം ഒഴിവാക്കുന്നതിനും ഈ മേഖലയിലെ യാത്രാക്ലേശം ഒഴിവാക്കുന്നതിനും റെയിൽവേ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി റെയിൽ മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | സ്വകാര്യ ബസ്സിലെ ജീവനക്കാർ യാത്രക്കാരെ കയ്യേറ്റം ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നുള്ള അന്വേഷണത്തിൽ കേരളത്തിൽ നിന്നും ദിനംതോറും 300 റോളം സ്വകാര്യ ബസ്സുകൾ ബംഗ്ലൂരുവിലേക്ക് സർവ്വീസ് നടത്തുന്നതായി കണ്ടെത്തി. ബംഗ്ലൂരുവിലേക്കും കർണ്ണാടകയിലെ വിവിധ സ്ഥലങ്ങളിലേക്കുമായി പഠനത്തിനും ജോലിക്കുമായി കേരളത്തിൽ നിന്നും ധാരാളം പേർ യാത്ര ചെയ്യുന്നുണ്ട്. ഇത്രയും ഉയർന്ന യാത്രാ ആവശ്യം പരിഹരിക്കുന്നതിന് ഏകദേശം 12,000- ഓളം അധിക സീറ്റുകൾ ആവശ്യമാണ്. പ്രസ്തുത വിവരങ്ങൾ ചൂണ്ടിക്കാട്ടി കേരള - ബാംഗ്ലൂർ സെക്ടറിൽ ദിവസേന രണ്ട് അധിക ട്രെയിൻ സർവ്വീസുകൾ ആരംഭിക്കണമെന്നും നിലവിലെ ട്രെയിനുകളിൽ അധിക ബോഗികൾ ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് 26.04.2019 ൽ റെയിൽവേ ബോർഡ് ചെയർമാന് കത്ത് അയച്ചിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ അടിയന്തരമായി ഇക്കാര്യം റെയിൽ മന്ത്രാലയത്തോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ